**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6858** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സ്ഥലമാറ്റ അപേക്ഷാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ എച്ച്.ആർ.എം.എസ്. മുഖേന ജനുവരിയിൽ ആരംഭിക്കേണ്ട ഓൺലൈൻ സ്ഥലമാറ്റ അപേക്ഷാ സംവിധാനം മാർച്ച് മാസമായിട്ടും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ ജീവനക്കാരുടെ വിവരങ്ങളിൽ, സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും നാളതീകരിയ്ക്കുന്നതിന് ഡി.ഡി.ഒ.മാർക്ക് സമയം അനുവദിച്ചിട്ടുണ്ട്. നാളതീകരണം പൂർത്തിയായാൽ ഈ മാസം തന്നെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രമോഷൻ മൂലം മറ്റ് ജില്ലകളിലേയ്ക്ക് നിർബന്ധപൂർവം സ്ഥലംമാറ്റപ്പെട്ട കംപാഷനേറ്റ് ഗ്രൗണ്ടിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം നൽകണമെന്ന അപേക്ഷകളിൽ നിന്നും പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് മാറിയവരുടെ അപേക്ഷകൾ മാത്രമായി കണ്ടെത്തുന്നത് പ്രായോഗികമല്ല. |
| (സി) | എച്ച്.ആർ.എം.എസ്. മുഖേനയുള്ള അപേക്ഷാ സമർപ്പണം വൈകുന്നത് കാരണം ഇത്തരം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ജീവനക്കാരുടെ കാര്യത്തിൽ എന്ത് നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ ജീവനക്കാരുടെ വിവരശേഖരണം ത്വരിതഗതിയിൽ പൂർത്തിയാക്കി, ഓൺലൈൻ സ്ഥലംമാറ്റത്തിന് മാർച്ച് മാസം തന്നെ അപേക്ഷിക്കാൻ ജീവനക്കാർക്ക് സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ